# പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പത്തിരണ്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ ഒമ്പതാമത് റിപ്പോർട്ടിലെ (വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി കർഷകരെ കുടിയിറക്കുന്നതിനെയും മഹാരാജകുളവും വയലും നികത്തുന്നതിനെയും സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

**മുപ്പത്തിരണ്ടാമത് റിപ്പോർട്ട്**

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ ഒമ്പതാമത് റിപ്പോർട്ടിലെ (വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി കർഷകരെ കുടിയിറക്കുന്നതിനെയും മഹാരാജകുളവും വയലും നികത്തുന്നതിനെയും സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

80/2016.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |
| അദ്ധ്യായം III : ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശ, ബന്ധപ്പെട്ട സർക്കാർ വകുപ്പ്, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ സംബന്ധിച്ച വിശദാംശം | .. | 13 |

## പരിസ്ഥിതി സംബന്ധിച്ച സമിതി
## (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം മുപ്പത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കർഷകരെ കുടിയിറക്കുന്നതിനെതിരെയും സമീപ പ്രദേശത്തുള്ള മഹാരാജകുളവും വയലുകളും നികത്തുന്നതിനെതിരെയും പുതുശ്ശേരി പഞ്ചായത്തിൽ 8-ാം വാർഡിൽപ്പെട്ട വാളയാർ നിവാസികളായ ആളുകൾ സമിതിയുടെ 25-9-2012-ലെ പാലക്കാട് സന്ദർശനവേളയിൽ സമിതിക്ക് നൽകിയ നിവേദനത്തിന്മേൽ സമിതി ബന്ധപ്പെട്ട വകുപ്പുകളുമായി നടത്തിയ ചർച്ചകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് 15-12-2014-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 10 ശിപാർശകളാണ് ഉണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിന്മേൽ അനന്തരനടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച കോപ്പികൾ പരിസ്ഥിതി, റവന്യൂ, തദ്ദേശസ്വയംഭരണം, വാണിജ്യനികുതി, ഗതാഗതം, ജലവിഭവം എന്നീ വകുപ്പുകളിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകൾ, അതിന്മേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിലും സർക്കാരിൽ നിന്നും ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശ, അതിന്മേലുള്ള സമിതിയുടെ തുടർ ശിപാർശ എന്നീ വിശദാംശങ്ങൾ മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1 (ഖണ്ഡിക 29)

പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാതെയും ജലസ്രോതസ്സുകളും നെൽവയലുകളും നശിപ്പിക്കാതെയുമായിരിക്കണം വികസനപ്രവർത്തനങ്ങൾ നടത്തേണ്ടതെന്ന് വിലയിരുത്തിയ സമിതി നിർദ്ദിഷ്ട സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണത്തിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ള പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ വിഷയങ്ങളെക്കുറിച്ച് സമഗ്രമായ ഒരു പഠനം സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്ന് ശിപാർശ ചെയ്യുന്നു.

80/2016.

## സർക്കാർ സ്വീകരിച്ച നടപടി

## പരിസ്ഥിതി (എ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 1348/എ 2/15/പരി. തീയതി 17-8-2015)

പരിസ്ഥിതി സമിതിയുടെ ശിപാർശ പരിഗണിച്ച് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ, വാണിജ്യനികുതി വകുപ്പിലെ പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക് പോസ്റ്റിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ, പാലക്കാട് ജില്ലയിലെ റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ (എൽ.എ.), ലാന്റ് അക്വിസിഷൻ ഓഫീസർ, വാളയാർ ഫോറസ്റ്റ് റേഞ്ച് ഓഫീസർ, പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസർ, ടി വകുപ്പുകളിലെ അനുബന്ധ ഫീൽഡ് ഉദ്യോഗസ്ഥന്മാർ എന്നിവർ സംയുക്തമായി 10-8-2015-ന് സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കാനായി പരിഗണിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ചു. സ്ഥലവാസികളുടെ ഭാഗം കേൾക്കുകയും പാരിസ്ഥിതികവും സാമൂഹികവുമായ പ്രശ്നങ്ങളെ സമഗ്രമായി അപഗ്രഥിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനായി പരിഗണിക്കുന്ന സ്ഥലങ്ങളുടെ താരതമ്യപഠനം ചുവടെ ചേർക്കുന്നു:

### നിർദ്ദിഷ്ട സംയോജിത ചെക്ക് പോസ്റ്റിനായി പരിഗണിക്കപ്പെടുന്ന സ്ഥലങ്ങളുടെ താരതമ്യ പഠനം

| ക്രമ നമ്പർ | ഘടകങ്ങൾ | പുതുശ്ശേരി കിഴക്ക് വില്ലേജ് ബ്ലോക്ക് 32 (മഹാരാജകുളം ഉൾപ്പെടുന്ന സ്ഥലം) (29.44 ഏക്കർ) | പുതുശ്ശേരി കിഴക്ക് വില്ലേജ്-നിലവിലെ ചെക്ക് പോസ്റ്റിനു പുറകുവശത്തുള്ള സ്ഥലം (15 ഏക്കർ) | വട്ടപ്പാറയിലെ സ്ഥലം (25 ഏക്കർ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ഭൂമിശാസ്ത്രപരം | താഴ്ന്ന പ്രദേശം ഫലഭൂയിഷ്ഠമായ മണ്ണ് | നിമ്നോന്നതമായ പ്രദേശം ഫലഭൂയിഷ്ഠം | നിമ്നോന്നതമായ പ്രദേശം താരതമ്യേന ഫലഭൂയിഷ്ഠത കുറഞ്ഞത് | |
| 2 | ജലസ്രോതസ്സുകൾ | ജലസ്രോതസ്സുകളാൽ സമ്പുഷ്ടം മഹാരാജകുളം വെള്ളിയങ്കരികുളം കൂടാതെ മറ്റ് നീർച്ചാലുകളും | താരതമ്യേന കുറവ്. പ്രധാന ജലസ്രോതസ്സുകൾ കാണപ്പെടുന്നില്ല | ഇല്ല | |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 3 | സസ്യ പ്രകൃതി | സസ്യപ്രകൃതിയാൽ സമ്പുഷ്ടം | സസ്യപ്രകൃതിയാൽ സമ്പുഷ്ടം | താരതമ്യേന വളരെ കുറവ് | |
| 4 | കൃഷി | മുഴുവൻ കൃഷിയോഗ്യം നിലവിൽ തെങ്ങ്, വാഴ, നിലക്കടല, പച്ചക്കറികൾ, നെല്ല് എന്നിവ കൃഷി ചെയ്യപ്പെടുന്നു | കൃഷിയോഗ്യം, നിലവിൽ അങ്ങിങ്ങായി വാഴയും തെങ്ങും കാണപ്പെടുന്നു | താരതമ്യേന വളരെ കുറവ് | |
| 5 | വീടുകളും കെട്ടിടങ്ങളും | ധാരാളം കാണപ്പെടുന്നു (60-ന് മുകളിൽ) | പൊതുവെ കുറവായി കാണപ്പെടുന്നു (120-ൽ താഴെ) | ഇല്ല | |
| 6 | മറ്റുള്ളവ (പാരിസ്ഥിതിക ആഘാതം) | പാരിസ്ഥിതികമായി ഏറ്റവും കൂടുതൽ ആഘാതം ഉണ്ടാകുന്നത് | പാരിസ്ഥിതിക ആഘാതം ഉണ്ട് താരതമ്യേന കുറവ് | ഏറ്റവും കുറവ് പാരിസ്ഥിതിക ആഘാതം | |

നിർദ്ദിഷ്ട ചെക്ക് പോസ്റ്റിനായി പരിഗണിക്കുന്ന മൂന്നു സൈറ്റുകളുടെയും പാരിസ്ഥിതികവും സാമൂഹികവും ജീവനോപാധിസംബന്ധവുമായ ഘടകങ്ങൾ വിലയിരുത്തുമ്പോൾ വട്ടപ്പാറയിലെ 25 ഏക്കർ സ്ഥലം ഏറ്റവും കുറവ് പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുന്നതാണ്. നിർദ്ദിഷ്ട പ്രോജക്ടിന്റെ മറ്റ് ഘടകങ്ങൾ അനുയോജ്യമെങ്കിൽ ഈ സ്ഥലത്തിനാണ് ഒന്നാമത്തെ പരിഗണന നൽകേണ്ടത്.

കൃത്യമായ പ്രോജക്ട് സൈറ്റ് തെരഞ്ഞെടുത്തതിനുശേഷം ആവശ്യമെങ്കിൽ സമഗ്രമായ പാരിസ്ഥിതികാഘാത പഠനം നടത്തുന്നതിന് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 2 (ഖണ്ഡിക 30 )</u>

ചെക്ക് പോസ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടിവരുന്ന ആളുകളുമായും ഇതുമൂലം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതങ്ങൾ നേരിട്ട് അനുഭവിക്കുന്ന പ്രദേശത്തെ മറ്റ് ജനവിഭാഗങ്ങളുമായും പരിസ്ഥിതി സംഘടനകളുമായും ചർച്ച ചെയ്ത് അവരുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് വേണം പദ്ധതിക്ക് അന്തിമരൂപം നൽകേണ്ടതെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 242689/ഇപിഎ 3/15/തസ്വഭവ. തീയതി 31-7-2015)

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് 28-7-2015-ന് പരിസരവാസികളുടെയും പരിസ്ഥിതി സംഘടനകളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്തതിൽ ഉയർന്ന പ്രധാന നിർദ്ദേശങ്ങൾ ചുവടെപ്പറയുന്നവയാണ് :

സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നപോലെ ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ നെൽകൃഷി ചെയ്തുവരുന്ന വയലുകളും ആയതിന് ജലസേചനം നടത്തുവാൻ സഹായിക്കുന്ന നീർത്തടങ്ങളും നശിക്കുമെന്നും കൃഷിയും ചെറുകിട കച്ചവടം നടത്തി ജീവിക്കുന്ന കുടുംബങ്ങളെയും കുടിയൊഴിപ്പിക്കേണ്ടി വരുമെന്നും കൂടാതെ ഈ പ്രദേശത്ത് പ്രധാന ജലസ്രോതസ്സായ മഹാരാജകുളവും അതിന്റെ താഴ്‌വശത്തുള്ള രണ്ട് കുളങ്ങളും ഇല്ലാതാവുകയും താരതമ്യേന മഴ കുറവായ പ്രദേശമായ ഇവിടെ അതിരൂക്ഷമായ ജലക്ഷാമം ഉണ്ടാവുകയും ചെയ്യും. ആയതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി മഹാരാജകുളവും അതിന്റെ താഴ്‌വശത്തുള്ള രണ്ടുകുളങ്ങളും നഷ്ടപ്പെടുകയാണെങ്കിൽ ഈ പ്രദേശത്തെ ആവാസവ്യവസ്ഥയും പരിസ്ഥിതി സംതുലിതാവസ്ഥയും നശിപ്പിക്കപ്പെടുമെന്ന ആശങ്കയുണ്ടെന്നും യോഗത്തിൽ അഭിപ്രായപ്പെട്ടു.

ഇതിനുപകരമായി അവർ നിർദ്ദേശിക്കുന്നത് നിലവിലുള്ള ചെക്ക് പോസ്റ്റിന് പുറകിലും ഹൈവേയോട് ചേർന്ന് നീണ്ടുകിടക്കുന്നതുമായ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ 32-ൽപ്പെട്ട റീ-സർവ്വേ നമ്പർ 258, 254, 253, 251, 252, 246, 239, 255 എന്നീ വകകളിൽ 60 ഏക്കറിൽ കൂടുതൽ സ്ഥലം ഒരു സംയോജിത ചെക്ക് പോസ്റ്റിന് മതിയാവുന്നതാണ്. ഇതിൽ റീ-സർവ്വേ നമ്പർ 255-ൽപ്പെട്ട 2.97 ഏക്കർ സ്ഥലം റവന്യൂ പുറമ്പോക്കിൽപ്പെട്ടതാകുന്നു. ഇതിലാണ് നിലവിൽ വാളയാർ ചെക്ക് പോസ്റ്റ് പ്രവർത്തിക്കുന്നത്. ഈ ചെക്ക് പോസ്റ്റ് ആധുനിക സൗകര്യങ്ങളോടെ ഏകദേശം 2000 ച.അടി വിസ്തീർണ്ണമുള്ള രണ്ടുനില എ, ബി ബ്ലോക്ക് ആർ.സി. കെട്ടിടങ്ങൾ, നീണ്ട പരിശോധനാമേടകൾ, ട്രഷറി, ലോറി ഡ്രൈവർ, ക്ലീനർക്കുവേണ്ടി പേ & യൂസ് ടോയ്‌ലെറ്റുകൾ, മറ്റ് ഉദ്യോഗസ്ഥർക്കായി കുടുംബശ്രീ നടത്തുന്ന കാന്റീൻ, തടഞ്ഞ് നിർത്തിയ ലോറികൾക്ക് പാർക്കിംഗ് യാർഡ്, രാത്രികളിലും സൂക്ഷ്മപരിശോധനയ്ക്ക് സഹായിക്കുന്ന ഹൈ-ബീം ലൈറ്റ് സെറ്റിംഗുകൾ, കുഴൽക്കിണർ, ഹെഡ് ഓവർ വാട്ടർ ടാങ്ക്, മറ്റും സൗകര്യങ്ങളോടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ സ്ഥലത്ത് നെൽവയലുകളോ കുളങ്ങളോ ഇല്ല. അതുകൊണ്ട് പരിസ്ഥിതിക്ക് ദോഷവും

സംഭവിക്കുന്നില്ല. കൂടാതെ ചെക്ക് പോസ്റ്റിനോട് ചേർന്ന് കച്ചവടക്കാരെ ഒഴിവാക്കാതെയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിയാണ് ഉണ്ടാകേണ്ടതെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3 (ഖണ്ഡിക 31)

കൃഷിയിടങ്ങളും ജലസ്രോതസ്സുകളും നശിപ്പിക്കാതെയും കുടിയൊഴിപ്പിക്കലുകൾ പരമാവധി ലഘൂകരിച്ചും ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനായി ഈ പ്രദേശത്ത് മറ്റ് സ്ഥലങ്ങൾ ലഭ്യമാണോ എന്നത് സംബന്ധിച്ച് സമഗ്രമായ ഒരു പഠനം റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഇതര വകുപ്പുകളെ ഉൾപ്പെടുത്തി നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (എൽ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 25765/എൽ1/15/റവ. തീയതി 10-8-2015)

കൃഷിയിടങ്ങളും ജലസ്രോതസ്സുകളും നശിപ്പിക്കാതെയും കുടിയൊഴിപ്പിക്കലുകൾ പരമാവധി ലഘൂകരിച്ചും വാളയാർ ചെക്ക് പോസ്റ്റ് നിർമ്മാണത്തിനായുള്ള സ്ഥലലഭ്യത കണ്ടെത്താനാണ് സമിതി ശിപാർശ ചെയ്തിരുന്നത്. ഇത് സംബന്ധിച്ച് സമഗ്രമായ ഒരു പഠനം ഇതര വകുപ്പുകളെ ഉൾപ്പെടുത്തി നടത്താനും നിർദ്ദേശിച്ചിരുന്നു. സമിതിയുടെ നിർദ്ദേശത്തിൻ പ്രകാരം, അന്വേഷണം നടത്തിയതിൽ, പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ ഒൻപതാമത് റിപ്പോർട്ടിലെ ഖണ്ഡിക 34-ൽ പരാമർശിച്ചിട്ടുള്ളതും വാളയാർ പോലീസ് സ്റ്റേഷന് എതിർവശത്തുള്ളതും വട്ടപ്പാറയിൽ NH 47-ൽ പുതിയതായി നിർമ്മിച്ചിട്ടുള്ള ഓവർബ്രിഡ്ജിന്റെ തെക്കുഭാഗത്തായി കിടക്കുന്ന തരിശ് ഭൂമി, കൃഷിയിടങ്ങളും ജലസ്രോതസ്സുകളും നശിപ്പിക്കാതെയും കുടിയൊഴിപ്പിക്കലുകൾ ഇല്ലാതെയും, ചെക്ക് പോസ്റ്റ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ താൽപ്പര്യപ്പെടുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ജലവിഭവ (എം.ഐ.)വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 16675/എം.ഐ 2/15/ജവിവ. തീയതി 18-8-2015)

വാളയാർ സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റ് ഒരു പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിൽ കൃഷിസ്ഥലങ്ങളും ജലാശയങ്ങളും കുറവാണെന്നും

സ്പെഷ്യൽ തഹസിൽദാർ (ലാന്റ് അക്വിസിഷൻ) പാലക്കാട് അറിയിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ജലവിഭവ വകുപ്പിൽ ലഭ്യമായിട്ടില്ല.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 4 (ഖണ്ഡിക 32)

നിർദ്ദിഷ്ട ചെക്ക് പോസ്റ്റ് നിർമ്മിക്കുവാൻ അനുയോജ്യമായ തരിശ് ഭൂമി സമീപ പ്രദേശത്ത് എവിടെയെങ്കിലും ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശം ഈ ആവശ്യത്തിന് പര്യാപ്തമാണോ എന്ന കാര്യം പര്യാലോചിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (എൽ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 25765/എൽ1/15/റവ. തീയതി 10-8-2015)

കൃഷിയിടങ്ങളും ജലസ്രോതസ്സുകളും നശിപ്പിക്കാതെയും കുടിയൊഴിപ്പിക്കലുകൾ പരമാവധി ലഘൂകരിച്ചും വാളയാർ ചെക്ക് പോസ്റ്റ് നിർമ്മാണത്തിനായുള്ള സ്ഥലലഭ്യത കണ്ടെത്താനാണ് സമിതി ശിപാർശ ചെയ്തിരുന്നത്. ഇത് സംബന്ധിച്ച് സമഗ്രമായ ഒരു പഠനം ഇതര വകുപ്പുകളെ ഉൾപ്പെടുത്തി നടത്താനും നിർദ്ദേശിച്ചിരുന്നു. സമിതിയുടെ നിർദ്ദേശത്തിൻ പ്രകാരം, അന്വേഷണം നടത്തിയതിൽ, പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ ഒൻപതാമത് റിപ്പോർട്ടിലെ ഖണ്ഡിക 34-ൽ പരാമർശിച്ചിട്ടുള്ളതും വാളയാർ പോലീസ് സ്റ്റേഷന് എതിർവശത്തുള്ളതും വട്ടപ്പാറയിൽ NH 47-ൽ പുതിയതായി നിർമ്മിച്ചിട്ടുള്ള ഓവർബ്രിഡ്ജിന്റെ തെക്കുഭാഗത്തായി കിടക്കുന്ന തരിശ് ഭൂമി, കൃഷിയിടങ്ങളും ജലസ്രോതസ്സുകളും നശിപ്പിക്കാതെയും കുടിയൊഴിപ്പിക്കലുകൾ ഇല്ലാതെയും ചെക്ക് പോസ്റ്റ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ താൽപ്പര്യപ്പെടുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 5 (ഖണ്ഡിക 33)

ചെക്ക് പോസ്റ്റ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ആളുകളെ കുടിയൊഴിപ്പിക്കുന്നതിന് പരമാവധി ഒഴിവാക്കിക്കൊണ്ടും തരിശായ റവന്യൂ പുറമ്പോക്ക് ഭൂമി ഫലപ്രദമായി ഉപയോഗിക്കപ്പെടത്തക്കവിധത്തിലും ആകേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## (എ) തദ്ദേശസ്വയംഭരണ(ഇ.പി.എ.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 242689/ഇപിഎ 3/15/തസ്വഭവ. തീയതി 31-7-2015)

റവന്യൂ വകുപ്പ് നടപടി സ്വീകരിക്കേണ്ട വിഷയമായതിനാൽ ശിപാർശയിന്മേൽ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുന്നതിന് പകർപ്പ് ആ വകുപ്പിന് നൽകിയിട്ടുണ്ട്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) റവന്യൂ (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 25912/ബി2/15/റവ. തീയതി 11-8-2015)

സമിതിയുടെ ശിപാർശ അനുസരിച്ച് വാളയാർ പോലീസ് സ്റ്റേഷന്റെ എതിർവശത്ത് കിടക്കുന്ന റവന്യൂ ഭൂമി ജില്ലാ കളക്ടർ പരിശോധിച്ചതിൽ നിന്നും സമിതി ശിപാർശ ചെയ്ത പോലെ ടാക്സ് വെട്ടിച്ചുവരുന്ന വാഹനങ്ങളെ നിയന്ത്രിക്കുവാനും രണ്ട് ചെക്ക് പോസ്റ്റുകളുടേയും പ്രവർത്തനങ്ങൾ സുഗമമായി നടത്തുവാനും ടി സ്ഥലത്ത് ചെക്ക് പോസ്റ്റ് സ്ഥാപിച്ചാൽ കഴിയുമെന്ന് പരിശോധനയിൽ മനസ്സിലായിട്ടുണ്ട്. ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 6 (ഖണ്ഡിക 34)

കൂടാതെ ബദൽ നിർദ്ദേശമായി സമിതി മുമ്പാകെ ഉയർന്നുവന്ന വാളയാർ പോലീസ് സ്റ്റേഷന് എതിർവശം വട്ടപ്പാറയിൽ എൻ.എച്ച്. 47-ൽ പുതിയതായി നിർമ്മിച്ചിട്ടുള്ള ഓവർബ്രിഡ്ജിന്റെ തെക്ക് ഭാഗത്തായി തരിശ്ശായി കിടക്കുന്ന സ്ഥലം ഏറ്റെടുത്ത് ചെക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുക എന്ന ആശയം നടപ്പിലാക്കുകയാണെങ്കിൽ ഹൈവേയിൽ വരുന്ന മററ് വാഹനങ്ങൾക്ക് യാതൊരു തടസ്സവും ഉണ്ടാകില്ലെന്നും കൂടാതെ മറ്റ് മാർഗ്ഗങ്ങളിൽക്കൂടി ടാക്സ് വെട്ടിച്ച് വരുന്ന വാഹനങ്ങളെ നിയന്ത്രിക്കാൻ കഴിയുമെന്നും ഉള്ള വസ്തുത പരിഗണിച്ച് ഈ ബദൽ നിർദ്ദേശം നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 242689/ഇപിഎ 3/15/തസ്വഭവ. തീയതി 31-7-2015)

റവന്യൂ, വാണിജ്യനികുതി വകുപ്പുകൾ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുന്നതിന് ശിപാർശയുടെ പകർപ്പ് ആ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) നികുതി (സി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 8425/സി13/14/നി.വ. തീയതി 5-8-2015)

വാളയാറിൽ ഒരു സംയോജിത ചെക്ക് പോസ്റ്റിന് വേണ്ടി ഗവൺമെന്റ് കൺസൾട്ടൻസിയായ കിറ്റ്കോ ലിമിറ്റഡ് പ്ലാനും സ്കെച്ചുകളും തയ്യാറാക്കിയിരുന്നു. ഇതുപ്രകാരം ഇപ്പോൾ പാലക്കാട് പുതുശ്ശേരി കിഴക്ക് വില്ലേജ് ബ്ലോക്ക് 32-ൽ ഉൾപ്പെട്ട 30.85 ഏക്കർ സ്ഥലത്തിൽ മഹാരാജകുളം ഉൾപ്പെടുന്ന 3.50 ഏക്കർ ഒഴികെയുള്ള 27.35 ഏക്കർ സ്ഥലം സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും സ്ഥലമെടുപ്പ് നടപടി ആരംഭിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സമയത്തെ നടപ്പുവില കണക്കാക്കി നഷ്ടപരിഹാര തുകയായ 9 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തു. എന്നാൽ ബഹു. ഹൈക്കോടതിയിൽ സ്ഥലം ഉടമകൾ നൽകിയ കേസുകളിൽപ്പെട്ട് സ്ഥലമെടുപ്പ് നടപടികൾ നീണ്ടുപോയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ 6-4-2015-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഒരു ബദൽ നിർദ്ദേശം എന്ന രീതിയിൽ നിലവിലെ ചെക്ക് പോസ്റ്റിന് പുറകുവശത്തായി തരിശായി കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് നിർമ്മാണം നടത്തുന്നതിനോ വാണിജ്യനികുതി ചെക്ക് പോസ്റ്റ് വിപുലീകരണം നടത്തുന്നതിനോ ഉള്ള സാധ്യത ആരായാൻ തീരുമാനിക്കുകയും അതുപ്രകാരം നിലവിലുള്ള ചെക്ക് പോസ്റ്റിന് പുറകിലായി പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസർ കണ്ടെത്തിയ 6.9093 ഹെക്ടർ സ്ഥലം പാലക്കാട് സ്പെഷ്യൽ തഹസിൽദാർ സഹിതം സംയുക്ത പരിശോധന നടത്തി, പാലക്കാട് താലൂക്ക് പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ 32-ൽ പെടുന്ന 252/1, 252/3, 252/5, 252/13, 252/15, 254/1, 254/4, 254/5, 254/6, 255/3, 255/4, 255/5, 255/6, 255/7, 255/8, 255/10, 258/8 എന്ന സർവ്വേ നമ്പരുകളിൽപ്പെടുന്ന 6.058 ഹെക്ടർ സ്ഥലം ചെക്ക് പോസ്റ്റ് വിപുലീകരണത്തിന് അനുയോജ്യമാണെന്നും മേൽസ്ഥലത്ത് 254/1, 255/3, 255/4 എന്നിവയിൽ വീടുകൾ സ്ഥിതിചെയ്യുന്നതായും പ്രസ്തുത ഇടങ്ങൾ ഒഴിവാക്കി ചെക്ക് പോസ്റ്റ് നവീകരണത്തിന് ഉപയോഗപ്പെടുത്താവുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മേൽപ്പരാമർശിച്ച സർവ്വേ നമ്പരുകളിൽപ്പെടുന്നതായ സ്ഥലം ചെക്ക് പോസ്റ്റ് വിപുലീകരണത്തിന്

അനുയോജ്യമാണെന്നും സ്പെഷ്യൽ തഹസിൽദാർ ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതാണ്. ഈ സ്ഥലം ലഭ്യമായാൽ സമിതി ശിപാർശ ചെയ്തതുപോലെ കൃഷിയിടങ്ങൾ ഒഴിവാക്കിയും കുടിയൊഴിപ്പിക്കൽ ഇല്ലാതെയും ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകും. കൂടാതെ ഹൈവേ വഴി വരുന്ന വാഹനങ്ങൾക്ക് തടസ്സങ്ങളൊന്നുമില്ലാതെ കടന്നു പോകാൻ കഴിയും.

വട്ടപ്പാറയിലേക്ക് ഔട്ട് ചെക്ക് പോസ്റ്റ് മാറ്റുന്നതിന് 19 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. എന്നാൽ മേൽപ്പരാമർശിച്ച സ്ഥലത്ത് ഫ്ലൈഓവർ നിലവിൽ വന്നതിനാൽ ചെക്ക് പോസ്റ്റ് നിർമ്മാണത്തിന് അനുയോജ്യമാവില്ല എന്ന് സ്പെഷ്യൽ തഹസിൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. അതായത് ഫ്ലൈഓവറിൽക്കൂടി പോകുന്ന എല്ലാ വാഹനങ്ങളും പരിശോധിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഫ്ലൈഓവറിന് താഴെയുള്ള സ്ഥലം ചെക്ക് പോസ്റ്റ് ആക്കിയാൽ ടി ചെക്ക് പോസ്റ്റിലേക്ക് വരുന്ന വാഹനങ്ങൾ മാത്രമേ പരിശോധനയ്ക്ക് വിധേയമാവുകയുള്ളൂ. ആയതുകൊണ്ട് സ്പെഷ്യൽ തഹസിൽദാരിന്റെ അഭിപ്രായത്തോട് വാണിജ്യനികുതി വകുപ്പ് യോജിക്കുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) റവന്യൂ (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 25912/ബി2/15/റവ. തീയതി 11-8-2015)

സമിതിയുടെ ശിപാർശ അനുസരിച്ച് വാളയാർ പോലീസ് സ്റ്റേഷന്റെ എതിർവശത്ത് കിടക്കുന്ന റവന്യൂ ഭൂമി ജില്ലാ കളക്ടർ പരിശോധിച്ചതിൽ നിന്നും സമിതി ശിപാർശ ചെയ്തു പോലെ ടാക്സ് വെട്ടിച്ചുവരുന്ന വാഹനങ്ങളെ നിയന്ത്രിക്കുവാനും രണ്ട് ചെക്ക് പോസ്റ്റുകളുടേയും പ്രവർത്തനങ്ങൾ സുഗമമായി നടത്തുവാനും ടി സ്ഥലത്ത് ചെക്ക് പോസ്റ്റ് സ്ഥാപിച്ചാൽ കഴിയുമെന്ന് പരിശോധനയിൽ മനസ്സിലായിട്ടുണ്ട്. ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തീരുമാനമെടുക്കുന്ന താണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 7 (ഖണ്ഡിക 35)</u>

വാളയാറിലെ നിർദ്ദിഷ്ട സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണം അതിന്റെ പൂർണ്ണ രൂപത്തിൽ പൂർത്തീകരിക്കുന്നതിലേക്കായി 30 ഏക്കർ കൃഷിയിടങ്ങളും, രണ്ട് കുളങ്ങളും ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ളതും മൂന്നര ഏക്കർ വിസ്തീർണ്ണമുള്ളതുമായ മഹാരാജകുളവും മണ്ണിട്ട് നികത്തപ്പെടുമെന്നും ഇത് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്കെതിരായ നടപടിയാണെന്നും സമിതി വിലയിരുത്തുന്നു. എന്നാൽ റവന്യൂ വകുപ്പിന്റെ റിപ്പോർട്ടിൽ മഹാരാജകുളം വില്ലേജ് റിക്കോർഡിലെ

ബി.റ്റി.ആർ. പ്രകാരം പറമ്പായിട്ടാണ് കാണുന്നതെന്നും പ്രസ്തുത സ്ഥലം പരിശോധന നടത്തിയതിൽ വളരെ ചെറിയ ഭാഗത്തുമാത്രം വെള്ളം കെട്ടിക്കിടക്കുന്നതായും ബാക്കി ഭാഗം കാട് പിടിച്ച് കിടക്കുന്നതായും പറയുന്നു. ഇത്തരം അടിസ്ഥാന വിവരങ്ങളിൽ തന്നെ പ്രകടമായ വൈരുദ്ധ്യം നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്തെ റവന്യൂ രേഖകളും പ്രദേശത്തെ ഭൂമിയുടെ നിലവിലെ അവസ്ഥയും ഒരു സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേകമായി പരിശോധിക്കപ്പെടണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 25764/പി1/15/റവ. തീയതി 11-8-2015)

വാളയാറിലെ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് മഹാരാജകുളം മണ്ണിട്ട് നികത്തപ്പെട്ടും എന്നത് സംബന്ധിച്ച പരിസ്ഥിതി സമിതിയുടെ ശിപാർശയിന്മേൽ സമിതിയുടെ നിർദ്ദേശപ്രകാരം സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തി ജില്ലാ കളക്ടർ പ്രാദേശിക അന്വേഷണം നടത്തിയിട്ടുണ്ട്. മഹാരാജകുളം, ടി സ്ഥലത്തിന്റെ അടങ്കൽ പ്രകാരം "നി.കെ-കുളം" എന്ന് രേഖപ്പെടുത്തി കാണുന്നു. മഹാരാജകുളം ഉൾപ്പെടുന്ന പുതുശ്ശേരി ഈസ്റ്റ് വില്ലേജിലെ റീ-സർവ്വേ നടപടികൾ 21-2-1995-ൽ പൂർത്തിയായിട്ടുള്ളതും റീ-സർവ്വേ റിക്കോർഡുകൾ 9-2-1996-ൽ ഈ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥലം റീ-സർവ്വേ റിക്കാർഡുകൾ പ്രകാരം 545-ാം നമ്പർ തണ്ടപ്പേരിൽ നഞ്ചയ്യ കൗണ്ടർ ഭാര്യ ദൈവയാനിയമ്മാൾ മുതൽ പേരിൽ 'പുരയിടം' എന്ന് കാണുന്നു. പ്രസ്തുത മാറ്റം സംബന്ധിച്ച രേഖകൾ അന്വേഷണത്തിൽ ലഭിച്ചിട്ടില്ല. മഹാരാജാകുളം ഉൾപ്പെടുന്ന ടി വില്ലേജിലെ ബ്ലോക്ക് 32-ൽ റീ-സർവ്വേ 294/10-ൽപ്പെട്ട 1.5610 ഹെക്ടർ ഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെടുന്ന നിയമത്തിന്റെ നിർവ്വചനപ്രകാരമുള്ള "നെൽവയൽ", "തണ്ണീർത്തടം" എന്നിവയ്ക്ക് മാത്രമേ ടി നിയമത്തിന്റെ വ്യവസ്ഥകൾ ബാധകമാകുകയുള്ളൂ. എന്നാൽ മഹാരാജകുളം നികത്തപ്പെടുന്നപക്ഷം പ്രദേശത്ത് ജലക്ഷാമമുണ്ടാകാൻ സാദ്ധ്യതയുള്ളതായി പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാളയാർ ചെക്ക് പോസ്റ്റ് വികസനവുമായി പൊന്നുംവില നടപടികളിലെ അർത്ഥനയിൽ ടി സർവ്വേ നമ്പർ കൂടി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും മഹാരാജകുളം നിലനിൽക്കുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പർ ഒഴിവാക്കിയാണ് അവാർഡ് പാസ്സാക്കിയിട്ടുള്ളത്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 8 ( ഖണ്ഡിക 36)</u>

മഹാരാജകുളം നികത്തുന്നത് പ്രദേശത്തെ കൃഷിയെ പ്രതികൂലമായി ബാധിക്കുമെന്നും പ്രദേശത്തെ കിണറുകളിൽ ഉറവ മായുന്നതിനും കുടിവെള്ളത്തിന് തന്നെ ക്ഷാമം അനുഭവപ്പെടുന്നതിന് കാരണമാകുമെന്നുമുള്ള കൃഷി വകുപ്പിന്റെ വിലയിരുത്തൽ വസ്തുതാപരമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കൃഷി വകുപ്പിന്റെ മേൽപ്പറഞ്ഞ റിപ്പോർട്ടിലെ കണ്ടെത്തൽകൂടി ഉൾക്കൊണ്ടായിരിക്കണം ഇക്കാര്യത്തിലുള്ള അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 60986/പി1/15/റവ. തീയതി 29-9-2015)

പാലക്കാട് താലൂക്കിൽ പുതുശ്ശേരി ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് 32-ൽ റീ-സർവ്വേ നമ്പർ 294/10-ലുൾപ്പെട്ട 1.5610 ഹെക്ടർ സ്ഥലത്തുള്ള മഹാരാജകുളത്തിലെ വെള്ളം, കുളത്തിന്റെ തെക്ക് കിഴക്ക് വശങ്ങളിലുള്ള കൃഷി ആവശ്യത്തിനായി ഉപയോഗിക്കുന്നതായി പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ ടി കുളം നികത്തപ്പെടുന്നതുമൂലം പ്രസ്തുത പ്രദേശത്ത് ജലക്ഷാമം ഉണ്ടാകാൻ ഇടയുണ്ട്. ടി സ്ഥലത്തിന്റെ കിഴക്ക് ഭാഗത്ത് വിശാലമായ തെങ്ങിൻതോപ്പും തെക്ക് ഭാഗത്ത് നെൽ കൃഷി ചെയ്ത് വരുന്നതായും സ്ഥലപരിശോധനയിൽ കാണുന്നു. ടി സ്ഥലത്തിന്റെ അടങ്കൽ പ്രകാരം നി.കെ.കുളം എന്നും എന്നാൽ റീ-സർവ്വേ റിക്കാർഡുപ്രകാരം 545-ാം തണ്ടപ്പേരിൽ നഞ്ചയ്യ കൗണ്ടർ ഭാര്യ ദേവയാനിയമ്മാൾ മുതൽ പേരിൽ 'പുരയിടം' ആയും കാണുന്നതായും പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു. ടി മാറ്റം സംബന്ധിച്ചുള്ള രേഖകൾ അന്വേഷണത്തിൽ ലഭിച്ചിട്ടില്ല. കുളം സ്ഥലത്തിനോട് ചേർന്ന് മൂന്ന് കുടിയിരുപ്പുകളും കയ്യേറ്റവും ഉണ്ട്. ടി കുളത്തിന് സമീപത്തുള്ള കൈവശക്കാരുടെ പേര് വിവരം താഴെ ചേർക്കുന്നു :

| ക്രമനമ്പർ | റീ-സർവ്വേ നമ്പർ | വിസ്തീർണ്ണം | കൈവശക്കാരുടെ പേരും വിലാസവും |
|---|---|---|---|
| 1 | 294/3 | 0.0035 | ലൂർദ്ദ് സ്വാമി , എൻ.എച്ച്.റോഡ്,വാളയാർ |
| 2 | 294/4 | 0.0021 | ഗോപാലൻ നായർ,<br>ഭാര്യ കുഞ്ഞുകുട്ടിയമ്മ,<br>എൻ.എച്ച്.റോഡ്,<br>വാളയാർ |
| 3 | 294/5 | 0.0010 | കുഞ്ഞുമുഹമ്മദ് ഭാര്യ കുഞ്ഞു ബീവി |

മഹാരാജകുളം നികത്തുന്നത് പ്രദേശത്തെ കൃഷിയെ പ്രതികൂലമായി ബാധിക്കുമെന്ന വിവരവും പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കുളം സംരക്ഷിക്കുന്നതിനും, ആയതിന്മേലുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 9 ( ഖണ്ഡിക 37)

കൂടാതെ സ്ഥലം ഏറ്റെടുക്കേണ്ട സാഹചര്യം വന്നാൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് ഫലപ്രദമായ പുനരധിവാസ പാക്കേജ് കാലേക്കൂട്ടി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 25912/ബി2/15/റവ. തീയതി 7-5-2015 )

കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസം നൽകണമെന്ന സമിതിയുടെ നിർദ്ദേശം സംബന്ധിച്ച് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജി.ഒ. (എംഎസ്.) നമ്പർ 419/2011/റവ. തീയതി 15-11-2011 പ്രകാരം സംസ്ഥാന സർക്കാർ ഒരു പുനരധിവാസ പാക്കേജ് അംഗീകരിച്ചിട്ടുണ്ടെന്ന വിവരം സമിതിയുടെ മുൻപാകെ കൊണ്ടുവരാൻ താൽപ്പര്യപ്പെടുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) റവന്യൂ (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 25912/ബി2/15/റവ. തീയതി 11-8-2015)

സ.ഉ.(കയ്യെഴുത്ത്) 419/2011/റവ. തീയതി 15-11-2011 ഉത്തരവുപ്രകാരം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സമഗ്രമായ പുനരധിവാസ പാക്കേജ് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നുണ്ട്. 2013-ലെ കേന്ദ്ര നിയമത്തിലും പുനരധിവാസത്തിന് വ്യവസ്ഥയുണ്ട്. ഭൂമി ഏറ്റെടുക്കേണ്ടി വന്നാൽ ഈ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതാണ്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## അദ്ധ്യായം III

# ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശ, ബന്ധപ്പെട്ട സർക്കാർ വകുപ്പ്, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ സംബന്ധിച്ച വിവരം

### ശിപാർശ 10 (ഖണ്ഡിക 38)

എല്ലാത്തിലുമുപരിയായി കുടിയൊഴിപ്പിക്കലുകൾ പരമാവധി ലഘൂകരിക്കത്തക്ക വിധത്തിലും പരിസ്ഥിതി ആഘാതമുണ്ടാകാത്തവിധത്തിലും ഗതാഗത തടസ്സവും കാലതാമസവും കഴിയുന്നത്ര ഒഴിവാക്കുന്ന വിധത്തിലും നമ്മുടെ സംസ്ഥാനത്തേക്ക് കടന്നുവരുന്ന ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ള യാത്രക്കാർക്കും മറ്റ് സഞ്ചാരികൾക്കും യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാത്തവിധത്തിലുമുള്ള ഒരു ആധുനിക ചെക്ക് പോസ്റ്റ് സമുച്ചയം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഒത്തൊരുമിച്ച് പരിശ്രമിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(മറുപടി ലഭ്യമായില്ല)

### സമിതിയുടെ തുടർ ശിപാർശ

ഖണ്ഡിക 38-ലെ മേൽപ്പറഞ്ഞ പൊതുവായ ശിപാർശയിന്മേൽ ബന്ധപ്പെട്ട വകുപ്പുകളൊന്നും തന്നെ യാതൊരു പ്രതികരണവും അറിയിക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. വാളയാറിലെ ആധുനിക ചെക്ക് പോസ്റ്റ് നിർമ്മാണം സംബന്ധിച്ച കാര്യങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്നത് സംബന്ധിച്ചുള്ള വിശദമായ ഒരു മറുപടി സംസ്ഥാന നികുതി വകുപ്പ് 3 മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.